പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1947 — *16.06.2014*-ലെ മറുപടി

## കെ.എസ്.ആർ.ടി.സി വാഹനങ്ങൾ മറ്റ് ആവശ്യങ്ങൾക്കായി വിട്ടുനൽകൽ

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | 16.06.2014-ൽ നൽകിയ മറുപടി | പുതുക്കിയ മറുപടി |
|---|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ കല്യാണ ആവശ്യങ്ങൾക്കോ, ഉല്ലാസ യാത്രകൾക്കോ വാടകയ്ക്ക് നൽകി വരുന്നുണ്ടോ; | (എ) | ഉണ്ട്. | ഉണ്ട്. |
| (ബി) | എങ്കിൽ കഴിഞ്ഞ 6 മാസം എത്ര ബസ്സുകൾ അത്തരത്തിൽ യാത്രക്കായി വിട്ട് കൊടുത്തു; അതിൽ നിന്നും ലഭിച്ച വരുമാനം എത്ര; പ്രസ്തുത ഓട്ടങ്ങൾക്ക് കെ.എസ്.ആർ.ടി.സി ബസ്സിനുപുറമേ ഡ്രൈവറേയും കണ്ടക്ടറേയും വിട്ട് നൽകാറുണ്ടോ; | (ബി) | എത്ര ബസ്സുകൾ പ്രൈവറ്റ് ഹയർ അടിസ്ഥാനത്തിൽ യാത്രക്കായി വിട്ടു നൽകിയെന്നും അതിൽ നിന്നും ലഭിച്ച വരുമാനവും സംബന്ധിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്. പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ ബസ് നൽകുമ്പോൾ ഡ്രൈവറേയും കണ്ടക്ടറേയും വിട്ടുനൽകാറുണ്ട്. | 2013 ഡിസംബർ മാസം 1 മുതൽ 2014 മേയ് 31 വരെയുള്ള കാലയളവിൽ വിവിധ യൂണിറ്റുകളിൽ നിന്നും 85 ബസുകൾ ഈ ഇനത്തിൽ നൽകിയിട്ടുണ്ട്. അതിൽ നിന്നും 6,91,517/- (ആറു ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി അഞ്ചൂറ്റി പതിനേഴ് രൂപ) രൂപയുടെ വരുമാനം കെ.എസ്.ആർ.ടി.സി.ക്ക് ലഭിച്ചിട്ടുണ്ട്.<br>പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ ബസ് നൽകുമ്പോൾ ഡ്രൈവറേയും കണ്ടക്ടറേയും വിട്ടുനൽകാറുണ്ട്. |

| | | | | |
|---|---|---|---|---|
| (സി) | പ്രസ്തുത ഓട്ടങ്ങൾക്ക് നിരക്ക് നിശ്ചയിക്കുന്നത് എന്തടിസ്ഥാനത്തിലാണ്; നിരക്ക് നിശ്ചയിക്കുന്നതിന് ഏതെങ്കിലും കെ.എസ്.ആർ.ടി.സി ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ അധികാരപരിധി വ്യക്തമാക്കുമോ; | (സി) | ഡീസലിന്റെയും അനുബന്ധ സാമഗ്രികളുടെയും വിലയിലുള്ള വർദ്ധനവും മറ്റ് ചിലവുകളിലുള്ള വർദ്ധനവും മാനദണ്ഡമാക്കിയാണ് പ്രൈവറ്റ് ഹയർ നിരക്ക് നിശ്ചയിക്കുന്നത്. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറെയാണ് ഇത്തരത്തിൽ നിരക്ക് നിശ്ചയിക്കുവാൻ അധികാരപ്പെടുത്തിയിട്ടുള്ളത്. | ഡീസലിന്റെയും അനുബന്ധ സാമഗ്രികളുടെയും വിലയിലുള്ള വർദ്ധനവും മറ്റ് ചിലവുകളിലുള്ള വർദ്ധനവും മാനദണ്ഡമാക്കിയാണ് പ്രൈവറ്റ് ഹയർ നിരക്ക് നിശ്ചയിക്കുന്നത്. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറെയാണ് ഇത്തരത്തിൽ നിരക്ക് നിശ്ചയിക്കുവാൻ അധികാരപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത ഓട്ടങ്ങൾക്ക് നിരക്കിലോ കാലയളവിലോ ഇളവ് അനുവദിക്കാറുണ്ടോ; എങ്കിൽ ആർക്കൊക്കെ; ആയതിലെ മാനദണ്ഡം വ്യക്തമാക്കുമോ; കഴിഞ്ഞ വർഷം എത്രപേർക്ക് ഇത്തരം സർവ്വീസുകളിൽ നിരക്ക് ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ ബസ് നൽകുമ്പോൾ നിരക്കിലോ കാലയളവിലോ ഇളവ് അനുവദിക്കാറില്ല. | പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ ബസ് നൽകുമ്പോൾ നിരക്കിലോ കാലയളവിലോ ഇളവ് അനുവദിക്കാറില്ല. |
| (ഇ) | പ്രസ്തുത ആവശ്യങ്ങൾക്കായി വിട്ട് നൽകുന്ന വാഹനം ഓട്ടത്തിനിടയിൽ കേടായാൽ അത് നന്നാക്കാനുള്ള ചുമതല ആർക്കാണ്; വിശദാംശം നൽകാമോ? | (ഇ) | പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ വിട്ടു നൽകുന്ന ബസ്സുകൾ ഓട്ടത്തിനിടയിൽ കേട് വന്നാൽ കെ.എസ്.ആർ.ടി.സി.യുടെ തൊട്ടടുത്ത ഡിപ്പോയിൽ നിന്നും ജീവനക്കാർ വന്ന് നന്നാക്കുകയാണ് പതിവ്. | പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ വിട്ടു നൽകുന്ന ബസ്സുകൾ ഓട്ടത്തിനിടയിൽ കേട് വന്നാൽ കെ.എസ്.ആർ.ടി.സി.യുടെ തൊട്ടടുത്ത ഡിപ്പോയിൽ നിന്നും ജീവനക്കാർ വന്ന് നന്നാക്കുകയാണ് പതിവ്. |

സെക്ഷൻ ഓഫീസർ